**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2580** — **17.06.2019-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ കുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ കുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് കോതമംഗലം മണ്ഡലത്തിൽ വടാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം പട്ടികവർഗ്ഗവകുപ്പിന് വിട്ടുനല്കുന്നതിനുള്ള തീരുമാനം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ; | എ) | കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതും തോട്ടപടി ഗ്രാമപഞ്ചായത്തിലെ വടാശ്ശേരിയിൽ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിന് താൽക്കാലികമായി അനുവദിച്ച് കൊണ്ടുള്ള കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16/2/19 ലെ സി 401/19 നം. നടപടി ഉത്തരവ് ലഭ്യമായിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) സി) & ഡി) | കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതും തോട്ടപടി ഗ്രാമപഞ്ചായത്തിലെ വടാശ്ശേരിയിൽ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ആൺകുട്ടികൾക്കായി പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അറ്റകുറ്റപണികൾ നടത്തുന്നതിനായി കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന തയ്യാറാക്കിയ 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ച് വരുന്നു. |
| സി) | പ്രസ്തുത കെട്ടിടം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | | |
| ഡി) | കെട്ടിടം ഏറ്റെടുത്ത് ആവശ്യമായ അറ്റ കുറ്റപണികൾ നടത്തി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

Hari

**സെക്ഷൻ ഓഫീസർ**